**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2881** **13-02-2024 - ൽ മറുപടിയ്ക്ക്**

**കോ-ഓപറേറ്റീവ് അക്കാഡമി ഓഫ് പ്രഫഷണൽ എജ്യൂക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രഫഷണൽ എജ്യൂക്കേഷൻ (കേപ്പ്) എന്നാണ് നിലവിൽ വന്നത്; ഇതിന്റെ കീഴിൽ എ.ഐ.സി.ടി.ഇ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര എഞ്ചിനീയറിംഗ് കോളേജുകളും മാനേജ്മെന്റ് കോളേജുകളും ഉണ്ട്; ഇതിൽ എത്ര റഗുലർ അദ്ധ്യാപകരുണ്ട്; | (എ) | കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) നിലവിൽ വന്നത് 07.04.1999 ലാണ്. ഇതിന്റെ കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നു. (തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിനോടൊപ്പം ഒരു മാനേജ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്.) 364 സ്ഥിരം അദ്ധ്യാപകരാണ് കേപ്പിനു കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത്. |
| (ബി) | കേപ്പിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ /യു.ജി.സി നിഷ്കർഷിക്കുന്ന പ്രമോഷനുകൾ കാലാകാലങ്ങളായി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | എല്ലാ അദ്ധ്യാപക തസ്തികകളിലേക്കും നേരിട്ടുള്ള നിയമനമാണ് കേപ്പിൽ നിലവിലുള്ളത്. എ.ഐ.സി.റ്റി.ഇ നിബന്ധന പ്രകാരം വിവിധ അദ്ധ്യാപക തസ്തികകളിൽ നേരിട്ടുള്ള നിയമനവും സമാന്തരമായി കരിയർ അഡ്വാൻസ്മെന്റ് സ്കീമുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനദ്ധ്യാപക ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കേപ്പിനു കീഴിലുള്ള കോളേജുകളിലെ റഗുലർ അദ്ധ്യാപകർക്ക് സർക്കാർ അംഗീകരിച്ച കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്) നടപ്പിലാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേപ്പ് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഇത് പ്രകാരം എത്ര അദ്ധ്യാപകർക്ക് സ്ഥാനകയറ്റം ലഭിച്ചിട്ടുണ്ട്; | (സി) | എല്ലാ അദ്ധ്യാപക തസ്തികകളിലേക്കും നേരിട്ടുള്ള നിയമനമാണ് കേപ്പിൽ നിലവിലുള്ളത്. എ.ഐ.സി.റ്റി.ഇ നിബന്ധന പ്രകാരം വിവിധ അദ്ധ്യാപക തസ്തികകളിൽ നേരിട്ടുള്ള നിയമനവും സമാന്തരമായി കരിയർ അഡ്വാൻസ്മെന്റ് സ്കീമുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനദ്ധ്യാപക ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കേപ്പ് നിലവിൽ വന്നതിന് ശേഷം നാളിതു വരെ അനദ്ധ്യാപക ജീവനക്കാർക്ക് പ്രമോഷൻ | (ഡി) | എല്ലാ അദ്ധ്യാപക തസ്തികകളിലേക്കും നേരിട്ടുള്ള നിയമനമാണ് കേപ്പിൽ നിലവിലുള്ളത്. |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ധ്യാപകർക്ക് മാത്രം പ്രമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | എ.ഐ.സി.റ്റി.ഇ നിബന്ധന പ്രകാരം വിവിധ അദ്ധ്യാപക തസ്തികകളിൽ നേരിട്ടുള്ള നിയമനവും സമാന്തരമായി കരിയർ അഡ്വാൻസ്മെന്റ് സ്കീമുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനദ്ധ്യാപക ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | കേപ്പിലെ കോളേജുകളിൽ അദ്ധ്യാപകരുടെ കേഡർ റേഷ്യോ നിലനിർത്തുന്നതിനും എൻ.ബി.എ അക്രഡിറ്റേഷന് കാലാകാലങ്ങളിൽ അപേക്ഷിക്കുന്നതിനും കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും സി.എ.എസ് നടപ്പിലാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | എല്ലാ അദ്ധ്യാപക തസ്തികകളിലേക്കും നേരിട്ടുള്ള നിയമനമാണ് കേപ്പിൽ നിലവിലുള്ളത്. എ.ഐ.സി.റ്റി.ഇ നിബന്ധന പ്രകാരം വിവിധ അദ്ധ്യാപക തസ്തികകളിൽ നേരിട്ടുള്ള നിയമനവും സമാന്തരമായി കരിയർ അഡ്വാൻസ്മെന്റ് സ്കീമുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനദ്ധ്യാപക ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ